# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2748 10.12.2014 - ൽ മറുപടിക്ക്

## ജലഅതോറിറ്റിയുടെ പദ്ധതികൾ കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.വി.പി.സജീന്ദ്രൻ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജല അതോറിറ്റിയുടെ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും സമയബന്ധിതമായി തീർക്കുന്നതിനും പ്രത്യേകം പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് ടാസ്ക് ഫോഴ്സ്മീറ്റിംഗുകൾ വിവിധ തലങ്ങളിൽ നടത്തി വരുന്നു. ബൃഹത് പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കാൻ ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കുന്നുണ്ട്. പദ്ധതികളുടെ പ്രവൃത്തികളെ പാക്കേജുകളാക്കി ടെണ്ടർ ചെയ്താണ് പൂർത്തീകരിക്കുന്നത്. ഇതിന്റെ മേൽനോട്ടത്തിനായി ജല അതോറിറ്റി തലത്തിലും ജനപ്രതിനിധികൾ മുഖേനയും, സർക്കാർ തലത്തിലും കമ്മിറ്റികൾ രൂപീകരിച്ച് വിവിധ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി അംഗീകാരം നല്കി കാലതാമസങ്ങൾ ഒഴിവാക്കി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുന്നുണ്ട്. കൂടാതെ നിലവിലുള്ള പദ്ധതികളുടെ സ്രോതസ്സുകളെ മെച്ചപ്പെടുത്തിയും ആവശ്യമായ പദ്ധതികളിൽ പുതിയ സ്രോതസ്സുകൾ സ്ഥാപിച്ച് കേടായ പമ്പ് സെറ്റുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും മാറ്റി |

വെച്ചും സാദ്ധ്യമായ സ്ഥലങ്ങളിലേയ്ക്ക് പൈപ്പ് ലൈനുകൾ നീട്ടിയും ജലവിതരണം കാര്യക്ഷമമാക്കാറുണ്ട്. പദ്ധതിയുടെ പ്രവർത്തികൾ നിശ്ചിത സമയങ്ങളിൽ തന്നെ ചെയ്ത് തീർക്കുന്നുണ്ട്. കൂടാതെ സ്മാർട്ട് ബാൾ, സ്കാഡാ എന്നീ സംവിധാനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്.

കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിച്ച് ജല വിതരണം കൂടുതൽ അളവിൽ ജനങ്ങൾക്ക് നല്കുന്നതിനായുള്ള നടപടികൾ ഓരോ വർഷവും സ്വീകരിച്ച് പോരുന്നു.

മിഷൻ 676-ൽ ഉൾപ്പെടുത്തി 154 പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ജനങ്ങൾക്ക് ജല വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

ജൈക്ക പദ്ധതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ബഹുമാനപ്പെട്ട വകുപ്പ് മന്ത്രി തലവനായുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി, ചീഫ് സെക്രട്ടറി തലവനായുള്ള എംപവേർഡ് കമ്മിറ്റി, ഫണ്ട് റിലീസ് കമ്മിറ്റി എന്നിവ നിലവിലുണ്ട്.

| | |
|---|---|
| (ബി) പദ്ധതികളുടെ വിതരണശേഷി വർദ്ധിപ്പിക്കുവാനും കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) പദ്ധതികളുടെ വിതരണശേഷി വർദ്ധിപ്പിക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും പദ്ധതിയുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനും പുതിയ പദ്ധതികൾ തയ്യാറാക്കി വിവിധ ഏജൻസികളുടെയും കേന്ദ്ര-സംസ്ഥാന സർക്കാരിന്റെയും സാമ്പത്തിക സഹായത്താൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

നഗര ഗ്രാമീണ പദ്ധതികളുടെ വിപുലീകരണത്തിനായി ബഡ്ജറ്റിൽ അംഗീകാരം ലഭിച്ച പ്രവൃത്തികൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കേടായ പഴയ പൈപ്പുകൾ ഘട്ടംഘട്ടമായി മാറ്റി പുതിയവ സ്ഥാപിച്ചും, കേടായ പമ്പുകളും മോട്ടോറുകളും മാറ്റി പുതിയവ സ്ഥാപിച്ചും പദ്ധതികളുടെ വിതരണ ശേഷി വർദ്ധിപ്പിക്കുവാൻ നടപടികൾ എടുക്കുന്നുണ്ട്.

| | | | |
|---|---|---|---|
| (സി) | പദ്ധതികളുടെ പ്രവർത്തനം കാര്യക്ഷമമായി മോണിറ്റർ ചെയ്യാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്നറിയിക്കുമോ? | (സി) | പദ്ധതികൾ നിശ്ചിതസമയത്ത് പൂർത്തീകരിക്കുന്നതിന് വാട്ടർ അതോറിറ്റിയുടെ ഓരോ ഓഫീസിനും കൃത്യമായ നിർദ്ദേശങ്ങൾ നൽകുകയും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സമയനിഷ്ഠ പാലിക്കുകയും (ടാർജറ്റ് നിശ്ചയിക്കുകയും) എല്ലാ മാസങ്ങളിലും വർക്കുകളുടെ അവലോകന യോഗം നടത്തുകയും കൂടാതെ പദ്ധതി പ്രവർത്തനത്തിന് തടസ്സങ്ങൾ നേരിടുമ്പോൾ അവ പരിഹരിക്കുവാൻ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ മറ്റ് ഇതര ഡിപ്പാർട്ട്മെന്റുകൾ എന്നിവയുമായി സഹകരിച്ച് വേണ്ട നടപടികൾ എടുത്തു വരുന്നുമുണ്ട്.<br><br>പദ്ധതികളുടെ ചില പ്രത്യേകഘട്ടങ്ങളിൽ പുരോഗതി വിലയിരുത്തുന്നതിന് മന്ത്രി തലത്തിലും, മാനേജിംഗ് ഡയറക്ടർ, ചീഫ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസുകളിലും മീറ്റിംഗുകൾ നടത്തിവരുന്നു. മോണിറ്ററിംഗിനായി വകുപ്പ് തലത്തിലും സർക്കാർ തലത്തിലും ജനപ്രതിനിധികൾ ഉൾപ്പെടുന്ന കമ്മിറ്റി തലത്തിലും യോഗങ്ങൾ നടത്തി പ്രശ്നങ്ങൾ പരിഹരിച്ച് പദ്ധതികൾ പുരോഗമിപ്പിക്കാറുണ്ട്. |

കൂടാതെ പദ്ധതികളുടെ പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കുവാൻ മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ ഓഫീസർ മാരുടെ തലത്തിൽ വീഡിയോ കോൺഫറൻസു കൾ സംഘടിപ്പിച്ച് ഓരോ തലത്തിലെയും വിവിധ പ്രശ്നങ്ങൾ അപ്പപ്പോൾ പരിഹരിക്കുന്നു. ഇതു കൂടാതെ പദ്ധതികൾ മോണിട്ടർ ചെയ്യാൻ പാസ്ക് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കുടി വെള്ള ത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതി നായി ലിംസ് (ലബോറട്ടറി ഇൻഫർമേഷൻ സിസ്റ്റം) നടപ്പിലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ